# നവയുഗ മഹിളാ സമാജം, നെയ്തല

നീലഗിരിമലകളും സഹ്യാദ്രിയും അവസാനിക്കുന്ന വിടവിലൂടെ ചുളംകുത്തിയെത്തുന്ന കിഴക്കൻ കാറ്റും നിറസൂര്യന്റെ ഉഗ്രതാപവും ഏറ്റ് വാടിതളരുന്ന കിഴക്കൻ മേഖലയിലെ എലപ്പുള്ളി പഞ്ചായത്തിലെ നെയ്തലഗ്രാമം... പാലക്കാടൻ ചുരം (GAP) പോലെതന്നെ ഇവിടുത്തുകാരുടെ ജീവിതത്തിന്റെ അറ്റങ്ങൾ കൂട്ടിമുട്ടിക്കുന്നതിനും പെടാപ്പാടുപെടുന്നവരാണിവർ.

കാർഷികവൃത്തിയും പശുവളർത്തലും മുഖ്യ ജീവിതമാർഗ്ഗമായി സ്വീകരിച്ച ഗ്രാമീണർ. വിദ്യാഭ്യാസം തീരെ കുറവ്, തമിഴ് ജീവിതശൈലിയുമായി സാമ്യമുള്ളവർ, സമ്പാദിക്കുന്ന പണമേറെയും വട്ടിപ്പലിശക്കാർക്കും അനധികൃത പണമിടപാടുകാർക്കും കൊടുക്കുവാൻ വിധിക്കപ്പെട്ടവർ, ഇതാണ് ഈ ഗ്രാമത്തിന്റെ അവസ്ഥ.

ഇങ്ങനെ ഇരിക്കെ 1992 ൽ ശ്രീമതി സത്യഭാമയുടെ നേതൃത്വത്തിൽ ICDS ന്റെ നിർദ്ദേശത്തോടെ പ്രദേശത്തെ അംഗൻവാടിയോടു ചേർന്ന് നവയുഗ എന്ന പേരിൽ ഒരു മഹിളാ സമാജം രൂപീകരിച്ചു. തുടക്കത്തിൽ ശ്രീമതി സത്യഭാമ പ്രസിഡന്റും ശ്രീമതി സരസ്വതി വൈസ് പ്രസിഡന്റും, ശ്രീമതി പത്മാവതി സെക്രട്ടറിയും ശ്രീമതി യശോദ ജോയിന്റ് സെക്രട്ടറിയും ശ്രീമതി കുമുദവല്ലി ഖജാൻജിയുമായി ഒരു കമ്മിറ്റി രൂപീകരിച്ചായിരുന്നു പ്രവർത്തനം. അംഗൻവാടിയിൽ വെച്ച് മാസത്തിൽ ഒരിക്കൽ നടത്തുന്ന മീറ്റിംഗും, ബോധവത്കരണ പരിപാടികളും അംഗങ്ങളിൽ നിന്ന് സ്വീകരിക്കുന്ന കൊച്ചു സമ്പാദ്യവും ആയിരുന്നു ആദ്യ പ്രവർത്തനങ്ങൾ. ഈ അവസരത്തിലാണ് പാലക്കാട് പ്രവർത്തിക്കുന്ന പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയെക്കുറിച്ച് അറിയുവാനിടയായത്. അന്വേഷിച്ച് സ്ഥാപനത്തിന്റെ ഓഫീസ് കണ്ടെത്തി. അന്നത്തെ എക്സി. സെക്രട്ടറിയായിരുന്ന, ദിവംഗദനായ, ബഹു. സെബാസ്റ്റ്യൻ തട്ടിൽ അച്ചനെ പരിചയപ്പെട്ടു. അദ്ദേഹം സമാജപ്രവർത്തനത്തിനുവേണ്ട എല്ലാവിധ സഹായവും വാഗ്ദാനം നൽകുകയും ആനിമേറ്ററായി ബഹു. സിസ്റ്റർ അരുണ സി.എം.സി. യെ ഉത്തരവാദിത്വം ഏല്പിക്കുകയും ചെയ്തു. പിന്നീട് സിസ്റ്റർ അരുണയുടെ നേതൃത്വത്തിൽ മീറ്റിംഗുകളും ബോധവത്കരണ പരിപാടികളും തുടരവെ അംഗൻവാടിയിൽ മീറ്റിംഗ് കൂടുവാനുള്ള അനുവാദം ICDS നിഷേധിച്ചു. ഈ നാളുകളിൽ സംഘാംഗങ്ങളുമായി കൂടിയാലോചിച്ച് അംഗൻവാടിക്കടുത്തുതന്നെ 4 സെന്റ് സ്ഥലം നാട്ടുകാരുടെ സഹായത്തോടെ സമാജത്തിനുവേണ്ടി വാങ്ങി. ഇതിനു മുൻപുതന്നെ സമാജം നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്തിരുന്നു.

1994 ലെ യൂത്ത് സെന്ററിനുള്ള NYK യുടെ ധനസഹായത്തോടെ അംഗങ്ങളുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി ഒരു ചെറിയ കെട്ടിടം നിർമ്മിച്ചു. തുടർന്ന് ഈ കെട്ടിടത്തിൽ വെച്ച് കയർ ബോർഡിന്റെ സഹായത്തോടെ 10 സ്ത്രീകൾക്ക് കയർ പിരിക്കുവാനുള്ള പരിശീലനം നൽകി. ഇതിനുള്ള മോട്ടോർ റാട്ട് കയർ ബോർഡ് സൗജന്യമായി നൽകുകയും യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. 2 വർഷം ഈ യൂണിറ്റ് പ്രവർത്തിക്കുകയും പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരുന്നതിനാൽ യൂണിറ്റിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു.

## നിക്ഷേപ പദ്ധതി (ക്രെഡിറ്റ് യൂണിയൻ):

സമാജം തുടങ്ങി 2 വർഷം പിന്നിടുമ്പോഴേയ്ക്കും സമാജത്തിന്റെ അംഗസംഖ്യ 50 കഴിഞ്ഞിരുന്നു. ഇവർക്ക് ആർക്കും തന്നെ ബാങ്ക് അക്കൗണ്ടുകളോ സമ്പാദ്യമോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല, എങ്കിലും ഇവരെ ബോധവത്കരിച്ച് കുടുംബ ചിലവ് ചുരുക്കുവാൻ ശീലിപ്പിച്ച് എല്ലാ ആഴ്ചയിലും ഒരു നിശ്ചിത സംഖ്യ സമാജത്തിൽ നിക്ഷേപമായി സ്വീകരിച്ചു. ഈ പണം ഇവർക്കുതന്നെ കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുകയും കൃത്യമായി തിരിച്ചടപ്പിക്കാൻ ശീലിപ്പിക്കുകയും ചെയ്തു. ഇങ്ങനെ സ്വരൂപിക്കുന്ന സമ്പാദ്യവും ലഭിക്കുന്ന പലിശയും എല്ലാവർഷവും ഓണക്കാലത്ത് ഇവർക്കു തന്നെ തിരികെ നൽകുകയും ചെയ്യുന്നു. ഇതിലൂടെ അംഗങ്ങൾക്ക് ആത്യാവശ്യഘട്ടങ്ങളിൽ ചെറിയ വായ്പ നൽകുകയും നാട്ടിൽ നിന്ന് വട്ടിപ്പലിശക്കാരെ ഒരു പരിധിവരെ അകറ്റി നിറുത്തുവാനും കഴിഞ്ഞു. ഇന്ന് ഈ പദ്ധതിയിൽ 150 അംഗങ്ങളുണ്ട്. ആഴ്ചയിൽ 50 രൂപ വരെ നിക്ഷേപിക്കുന്ന ഒരു അംഗത്തിന് വർഷത്തിൽ 2400 രൂപ വരെ നിക്ഷേപിക്കാം. 2400 രൂപ നിക്ഷേപമുള്ള ഒരു വ്യക്തിക്ക് 10 ഇരട്ടി വരെ ജാമ്യമോ ഈടോ ഇല്ലാതെ വായ്പ നൽകുന്നു. അംഗങ്ങളുടെ വിശ്വാസ്യതയും കൃത്യമായ നടത്തിപ്പുമാണ് ഈ പദ്ധതിയുടെ വിജയം.

## സംഘാംഗങ്ങൾക്ക് പരിശീലനം:

സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ പി.എസ്.എസ്.പി. ആഴ്ചയിൽ രണ്ടു ദിവസം വീതം 6 മാസം നീണ്ടുനിന്ന തീവ്ര പരിശീലന പരിപാടിയിൽ സംഘത്തിൽ നിന്നും ലീഡർമാർ പങ്കെടുത്തു. പഞ്ചായത്ത്‌രാജ് സംവിധാനം, സർക്കാർ ക്ഷേമ പദ്ധതികൾ, വിവിധ തൊഴിൽ പദ്ധതികൾ, എന്നിവയെക്കുറിച്ച് പഠിക്കുവാൻ സാധിച്ചത് ഈ പദ്ധതിയിലൂടെയാണ്. തുടർന്ന് ഇന്നുവരെ നൂറോളം പരിശീലന പരിപാടി സംഘം സംഘടിപ്പിച്ചു.

## സ്വയം സഹായ സംഘങ്ങൾ (SHG):

സമാജത്തിന്റെ പ്രവർത്തനം കുടുതൽ കാര്യക്ഷമമാക്കുന്നതിന് 1994 ൽ അഞ്ച് അയൽക്കൂട്ടങ്ങൾ തുടങ്ങി (15 മുതൽ 20 വരെ കുടുംബങ്ങൾ അടങ്ങുന്നതാണ് സംഘം) ചെലവു ചുരുക്കാനും, നിക്ഷേപം വയ്ക്കാനും, സർക്കാരിന്റെ ക്ഷേമപദ്ധതികൾ നേടിയെടുക്കാനും, നല്ല അയൽബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാനും, ബാങ്ക് വായ്പകൾ നേടുവാനും ഈ ഗ്രൂപ്പുകൾ വഴി സാധിച്ചു. ഇന്ന് 8 അയൽക്കൂട്ടങ്ങൾ സമാജത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ആകെ 140 അംഗങ്ങൾ ഉണ്ട്.

സാമൂഹ്യപ്രതിബദ്ധതയ്ക്കായി പ്രേരിപ്പിക്കപ്പെട്ട ഒരു വനിതാ കൂട്ടായ്മ ഒരു സമൂഹത്തിന്റെ വളർച്ചയിൽ ചെലുത്താവുന്ന സ്വാധീനത്തിന് ഉത്തമ ഉദാഹരണമാണ് നെയ്തല നവയുഗ മഹിളാ സമാജം. ശാക്തീകരണത്തിലൂടെ സ്വയം പര്യാപ്തതയിലേക്കുള്ള വളർച്ചയിൽ ഒരു നാട് മുഴുവൻ പങ്കുചേർന്നു. അവരുടെ ധീരോചിതമായ ചില വികസന കഥകളാണ് ഇത് (കഴിഞ്ഞ ലക്കം തുടർച്ച)

## നെയ്തല വനിതാ ക്ഷീരോൽപാദക സഹകരണ സംഘം

നേരത്തെ സൂചിപ്പിച്ചതുപോലെ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന നിർദ്ധനരായ ആളുകളാണ് പ്രദേശത്ത് ഏറെയും. നല്ല പശുക്കളുടെ ലഭ്യതക്കുറവും, ലഭിക്കുന്ന പാലിന് ന്യായമായ വില ലഭിക്കാത്തതും ക്ഷീര കർഷകരെ തൊഴിലിൽ നിന്നും പിൻതിരിപ്പിച്ചു കൊണ്ടിരിക്കുന്നു. ജീവിക്കാൻ ഒരു തൊഴിലും ഇല്ലാതെ നട്ടം തിരിഞ്ഞ ചില സമാജ അംഗങ്ങൾ അവരുടെ വിഷമതകൾ സംഘത്തിൽ വിവരിക്കുകയും സ്വയം തൊഴിൽ ചെയ്യുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ഈ വിഷയം PSSP യിൽ അവതരിപ്പിച്ചു. ബഹു. തട്ടിലച്ചൻ ഈ അഭ്യർത്ഥന മാനിച്ച് 5 പേർക്ക് ബാങ്ക് വായ്പ വഴി പശു വളർത്തുന്നതിന് 5000 രൂപ വീതം സബ്സിഡിയോടു കൂടി സഹായം വാഗ്ദാനം ചെയ്തു. സമാജങ്ങൾക്ക് വായ്പ നൽകി ശീലമില്ലായിരുന്ന എലപ്പുള്ളി കനാറാ ബാങ്ക് ആദ്യം അപേക്ഷ നിരസിക്കുകയും പിന്നീട് സമാജാംഗങ്ങളുടെ നിരന്തരമായ നിർബന്ധത്തിന് വഴങ്ങി മാനേജരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ 5 പേർക്ക് 6000 രൂപ വീതം വായ്പ നൽകുകയും, 5 പേരും പശു വാങ്ങി പാൽ കറന്നു തുടങ്ങി. ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനെക്കുറിച്ചുള്ള ആശങ്ക അപ്പോഴും സമാജം ഭാരവാഹികൾക്ക് നീങ്ങിയിരുന്നില്ല. ഭാരവാഹികൾ കൂടി ആലോചിച്ച് വായ്പ എടുത്ത അഞ്ചുപേർക്കും ലഭിക്കുന്ന പാൽ സമാജം വാങ്ങി വിൽക്കാമെന്നും, വായ്പ തിരിച്ചടവ് കഴിഞ്ഞ് ബാക്കിയുള്ള സംഖ്യ വ്യക്തികൾക്ക് നൽകുവാനും തീരുമാനമെടുത്തു. ഇതിൻപ്രകാരം പാൽ വിൽക്കുവാൻ വേണ്ടി പാലക്കാടുള്ള പല ഹോട്ടലുകാരെ സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഗുണമേന്മയുള്ള പാൽ ലഭിക്കുമോ എന്ന ആശങ്കയായിരുന്നു കാരണം. എങ്കിലും രണ്ടു ഹോട്ടലുകാർ പാൽ വാങ്ങാമെന്ന് സമ്മതിച്ചു. അടുത്ത ദിവസം മുതൽ ശേഖരിക്കുന്ന പാൽ സംഘത്തിലുള്ള ഒരു അംഗം വഴി ഹോട്ടലുകളിൽ എത്തിച്ചു. ലാഭം കിട്ടിയിരുന്നില്ലാ എങ്കിലും പാൽ എത്തിച്ചുകൊടുത്തിരുന്ന അംഗത്തിന് മാസം 3000 രൂപ വീതം നൽകിയിരുന്നു. പാലിന്റെ ഗുണമേന്മയും, സംഘത്തിലുള്ള വിശ്വാസ്യതയും മൂലം മറ്റുപല ഹോട്ടലുകാരും പാൽ ആവശ്യപ്പെട്ടപ്പോൾ അടുത്ത വീടുകളിൽ നിന്നും പാൽ ശേഖരിക്കുവാൻ തുടങ്ങി. ഈ അവസരത്തിൽ ഒരു മാസത്തെ സമാജമീറ്റിംഗിൽ ആനിമേറ്റർ ബഹു. സിസ്റ്റർ അരുണ സി.എം.സി. കാരാപ്പാടം

ക്ഷീരോത്പാദക സംഘം തുടങ്ങിയതിനെക്കുറിച്ചുള്ള അനുഭവം പങ്കുവെച്ചു. ഇതിൽ നിന്നുള്ള ആശയം ഉൾക്കൊണ്ട് നമ്മുക്കും ഈ രീതിയിലുള്ള ഒരു ക്ഷീരോത്പാദക സംഘം ആരംഭിച്ചുക്കൂടെ എന്നുള്ള ചിന്തയായി. ഇതിനുവേണ്ടി PSSP യുമായി കുടി ആലോചിക്കുകയും ബഹു. തട്ടിലച്ചൻ എല്ലാവിധ സഹായം വാഗ്ദാനം ചെയ്യുകയും ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി സി. അരുണയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒരു വനിത ക്ഷീരോത്പാദന സഹകരണ സംഘം തുടങ്ങുന്നതിനുവേണ്ടി പാലക്കാടു മുതൽ തിരുവനന്തപുരം വരെയുള്ള സർക്കാർ ഓഫീസുകൾ പലവട്ടം കയറിയിറങ്ങി.

ഡയറക്ടർ ബോർഡിൽ വനിതകൾ മാത്രം അംഗങ്ങളായ വനിതാ ക്ഷീരകർഷകർ മാത്രം അംഗങ്ങളായ, നോമിനി പോലും വനിതകളായ ഒരു വനിതാ സംഘത്തെ സ്ഥലത്തെ ചില രാഷ്ട്രീയക്കാരും, സർക്കാർ ഉദ്യോഗസ്ഥരും നഖശിഖാന്തം എതിർത്തപ്പോൾ ഒരു വെല്ലുവിളിപോലെ സമാജം ഇതേറ്റെടുക്കുകയും അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി പാലക്കാട് സന്ദർശിച്ചപ്പോൾ ആദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഈ വിഷയം അനുഭാവപൂർവ്വം ഏറ്റെടുക്കുകയും സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു. നാട്ടുകാരുടെ നിർബന്ധത്തിനും, സമാജക്കാരുടെ നിശ്ചയദാർഢ്യത്തിനും മുൻപിൽ അധികാരികൾ മുട്ടുമടക്കി അങ്ങനെ 16.12.1995 ന് നവയുഗ വനിതാ ക്ഷീരോത്പാദക സംഘം പിറന്നു. നിലവിലുള്ള സമാജകെട്ടിടത്തിലേക്ക് വഴി ഇല്ലാതിരുന്നതിനാൽ കൊഴിഞ്ഞാമ്പാറ പാലക്കാട് റുട്ടിൽ പാത ഓരത്ത് ഇതിനു മുൻപേ സമാജം $3^1/_2$ സെന്റ് സ്ഥലം കുടി വാങ്ങിയിരുന്നു. ഈ സ്ഥലത്താണ് ഇപ്പോഴത്തെ ക്ഷീരോത്പാദക സംഘം പ്രവർത്തിക്കുന്നത്. ഇതിനുവേണ്ടി $3^1/_2$ സെന്റ് സ്ഥലവും സമാജം സഹകരണ സംഘത്തിന് എഴുതി നൽകി. 70 ലിറ്റർ പാൽ സംഭരണത്തിൽ നിന്നും തുടങ്ങി ഇന്ന് 120 അംഗങ്ങൾ 800 ലിറ്റർ പാൽ ഒരു ദിവസം അളക്കുന്ന വലിയൊരു പ്രസ്താനമായി മാറി. ചെറിയ ഒരു പ്രശ്നത്തിൽ നിന്നും ഉടലെടുത്ത വലിയൊരു പദ്ധതി 1805 സ്ക്വയർ ഫീറ്റുള്ള ഒരു ഇരുനിലകെട്ടിടം പാൽ സൊസൈറ്റിക്ക് സ്വന്തമായുണ്ട്.

നിശ്ചയദാർഢ്യത്തോടെയുള്ള സംഘടിത ശ്രമങ്ങളാണ് നവയുഗയുടെ പ്രവർത്തനശൈലി – വിജയത്തിന്റെ അടിസ്ഥാനവും അതുതന്നെ.

**'സമാജത്തിന് സ്വന്തമായി ഒരു ഓട്ടോ'**

നെയ്തല ക്ഷീരോദ്പാദക സംഘം പാൽ സംഭരണം ആരംഭിച്ച സമയത്ത് 6 കിലോമീറ്റർ ദുരത്തുള്ള ക്ഷീരകർഷകരും സൊസൈറ്റിയിൽ പാൽ നൽകാൻ തയ്യാറായി. എന്നാൽ ഓരോരുത്തർക്കും നേരിട്ടെത്തി പാൽ അളക്കുക ബുദ്ധിമുട്ടായിരുന്നു. ഇതിനു പരിഹാരമായി മഹിളാ സമാജം നേരിട്ട് ഇവരുടെ

വീടുകളിലെത്തി പാൽ സംഭരിച്ചു. ഒരു ഓട്ടോറിക്ഷ വാടകയ്ക്കെടുത്ത് ഇതിലാണ് പാൽ സൊസൈറ്റിയിൽ എത്തിയിരുന്നത്. എന്നാൽ വാടക നൽകുവാനുള്ള വരുമാനം ഇതിൽ നിന്നും ലഭിച്ചിരുന്നില്ല. ഈ ബുദ്ധിമുട്ട് PSSP യിൽ അറിയിച്ചപ്പോൾ ബഹു. തട്ടിലച്ചൻ ഒരു ഓട്ടോറിക്ഷ വാങ്ങുവാനുള്ള സംഖ്യ പലിശരഹിത വായ്പയായി നൽകാമെന്ന് ഏറ്റു. പക്ഷെ ഒരു നിബന്ധന അദ്ദേഹം മുന്നോട്ടു വെച്ചു. സമാജത്തിലെ വനിതകൾ മാത്രമേ ഓട്ടോറിക്ഷ ഓടിക്കുവാൻ പാടുള്ളു. ആദ്യം ബുദ്ധിമുട്ടായി തോന്നിയെങ്കിലും ഉത്തരവാദിത്വത്തോടെ ഈ ദൗത്യം ഏറ്റെടുക്കുകയും, സംഘത്തിലെ ശ്രീമതി സത്യഭാമ, ശ്രീമതി കുമുദവല്ലി, ശ്രീമതി സരസ്വതി എന്നിവർ ഓട്ടോറിക്ഷ ഓടിക്കുവാൻ പഠിച്ച് ലൈസൻസ് എടുത്തു. PSSP യിൽ നിന്നും 80000/- രൂപ ലഭിക്കുകയും ഓട്ടോറിക്ഷ വാങ്ങുകയും ചെയ്തു. രണ്ടു പ്രാവശ്യം ഓട്ടോറിക്ഷ മാറ്റി വാങ്ങി. ഇന്നും ഈ വണ്ടിയിൽ പാൽ സംഭരിച്ച് സൊസൈറ്റിയിൽ എത്തിക്കുന്നു. പ്രായത്തിന്റെ ബുദ്ധിമുട്ടുകൾ പരിഗണിക്കാതെ ഇന്നും സത്യഭാമയും, കുമുദവല്ലിയും, സരസ്വതിയും തങ്ങളുടെ ദൗത്യം ഭംഗിയായി നിർവ്വഹിക്കുന്നു. നെയ്തല ഗ്രാമവീഥിയിലൂടെ 'നെയ്തല മഹിളാസമാജം' എന്നു പേരിട്ട ഓട്ടോ ഓടിക്കൊണ്ടേയിരിക്കുന്നു.

## ഗ്രാമസഭയും, വികസന പങ്കാളിത്തവും

ത്രിതല പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വരുന്നതിന് തൊട്ടുമുൻപ് PSSP നൽകിയ തീവ്രപരിശീലന പരിപാടിയിൽ (പഞ്ചായത്ത് രാജ് ഇൻസ്റ്റിറ്റ്യൂഷൻ) സമാജാംഗങ്ങൾ പങ്കെടുക്കുകയും അവരുടെ അറിവുകളും കഴിവുകളും വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി സമാജത്തിലെ ശ്രീമതി. കുമാരി മണി, ശ്രീമതി. കോമളം രാധാകൃഷ്ണൻ, ശ്രീമതി. ഉമാ മഹേശ്വരി, ശ്രീമതി. പത്മാവതി എന്നിവർ കഴിഞ്ഞ 10 വർഷമായി ADS, CDS, മെമ്പർ, ചെയർപേഴ്സൺ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. 2002 മുതൽ 8 വർഷമായി CDS ചെയർപേഴ്സണായി പ്രവർത്തിച്ചു വന്ന ശ്രീമതി. പത്മാവതി 2010 ൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുകയും, 2010 മുതൽ 2015 വരെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും ചെയ്തു. കുടിവെള്ള പ്രശ്നം രൂക്ഷമായ നെയ്തല ഗ്രാമത്തിൽ വരൾച്ചക്കാലത്ത് ലോറികളിൽ വെള്ളമെത്തിച്ച് വിലയ്ക്ക് നൽകി ചിലർ ലാഭം കൊയ്തിരുന്നു. ഈ പ്രശ്നം രൂക്ഷമായപ്പോൾ സമാജം വിഷയം ചർച്ചചെയ്യുകയും ഗ്രാമസഭകളിലും, പഞ്ചായത്തിലും ഇതിനുവേണ്ടി ശക്തമായ സമ്മർദ്ദം 15 ലക്ഷം രൂപയുടെ ജലവിതരണ പദ്ധതി നടപ്പാക്കാനായി 100 കുടുംബങ്ങൾക്ക്

ഇന്ന് ഇതിൽ നിന്നും ജലം ലഭിക്കുന്നു. ഇന്നും ഗ്രാമസഭകളിൽ ശക്തമായ ഇടപെടലുകളാണ് സമാജപ്രവർത്തകർ നടത്തുന്നത്.

## വീടുനിർമ്മാണം

സമാജത്തിലെ നിർദ്ദനരായ ശ്രീമതി. യശോദ, ശ്രീമതി. കമലാക്ഷി എന്നീ രണ്ടു വിധവകൾക്ക് സ്വന്തമായി വീട് ഇല്ലായിരുന്നു. ഇവരുടെ വിഷമതകൾ PSSP യിൽ അറിയിക്കുകയും സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായ 'അന്ത്യോദയ' സ്കീമിൽപെടുത്തി രണ്ടുപേർക്കും അടച്ചുറപ്പുള്ള നല്ല രണ്ടു വീടുകൾ സമാജത്തിന്റെ നേതൃത്വത്തിൽ പണിതു നൽകുവാനും സാധിച്ചു.

## സ്വയം തൊഴിൽ പദ്ധതി (ബ്രഷ് യൂണിറ്റ്)

സമാജം സ്വന്തമായ കെട്ടിടം പണിതപ്പോൾ കെട്ടിടത്തിൽ തൊഴിൽ രഹിതരായ യുവതികൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കുകയും, നാട്ടിൽ സുലഭമായി ലഭിക്കുന്ന കരിമ്പനയുടെ തണ്ടിൽ നിന്നും ലഭിക്കുന്ന നാരുകൾ സംസ്ക്കരിച്ചെടുത്ത് പരിശീലനം നേടുകയും ഇതിന്റെ ഒരു യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. ഇന്നും ഈ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച് എല്ലാവർക്കും മാതൃകയായി നാട്ടുകാർക്ക് അത്താണിയായി നെയ്തല മഹിളാ സമാജം അതിന്റെ ഇരുപത്തിയഞ്ചു വർഷം പൂർത്തിയാക്കുകയാണ്.